LIBRARY ARCHIVES Kerala Legislative Assembly

ചാലക്കുടി മണ്ഡലത്തിലെ കോടശ്ശേരി-പരിയാരം പഞ്ചായത്തുകളിലെ കുടിവെള്ള പ്രശ്നം

349 (1793) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ചാലക്കുടി മണ്ഡലത്തിലെ കോടശ്ശേരി - പരിയാരം പഞ്ചായത്തുകളിലെ കുടിവെള്ള പ്രശ്നം ശാശ്വതമായി പരിഹരിക്കുവാൻ സഹായകരമായ കോടശ്ശേരി - പരിയാരം കുടിവെള്ള പദ്ധതിയുടെ വാട്ടർട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനായി കാഞ്ഞിരപ്പള്ളിയിലെ എം.പി.ഐ. വക സ്ഥലത്തുനിന്ന് 1.25 ഏക്കർ സ്ഥലം വിട്ടുകിട്ടണമെന്ന ജലവിഭവ വകുപ്പിന്റെയും കേരള വാട്ടർ അതോറിറ്റിയുടെയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അത്രയും സ്ഥലം വിട്ടുനൽകുന്നതിനായി അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

ചാലക്കുടി മണ്ഡലത്തിലെ കോടശ്ശേരി-പരിയാരം പഞ്ചായത്തുകളിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനായി 1.25 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച് പ്രാഥമിക പരിശോധന നടത്തി പ്രസ്തുത സ്ഥലം ഏറ്റെടുക്കലിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കൽ തുടങ്ങിയ നടപടികൾ നടന്നുവരുന്നു.

പഞ്ചായത്ത് ഭവന നിർമ്മാണ പദ്ധതി

350 (1794) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2012 മുതൽ എത്ര വീടുകളാണ് പഞ്ചായത്ത് ഭവന നിർമ്മാണ പദ്ധതി പ്രകാരം നൽകിയിട്ടുള്ളത്;

(ബി) കേരളത്തിൽ ഏതെങ്കിലും പഞ്ചായത്തിലോ കോർപ്പറേഷനിലോ മുനിസിപ്പാലിറ്റിയിലോ പ്രസ്തുത പദ്ധതി നടപ്പിലായിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ എവിടെയൊക്കെയാണ് നടപ്പിലായിട്ടുള്ളത്;

(ഡി) ഇല്ലെങ്കിൽ കാരണം എന്താണ്;

(ഇ) പഞ്ചായത്ത് ഭവന നിർമ്മാണ പദ്ധതി ഇപ്പോൾ നടപ്പിലാക്കുന്നുണ്ടോ;

(എഫ്) ഇല്ലെങ്കിൽ പദ്ധതി നടപ്പിലാക്കാത്തതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന "പഞ്ചായത്ത് ഭവന നിർമ്മാണ പദ്ധതി" എന്ന പേരിൽ ഭവന നിർമ്മാണ പദ്ധതികളൊന്നും നടപ്പിലാക്കുന്നില്ല.

(ബി-എഫ്) ബാധകമല്ല.

കുടുംബശ്രീ മിഷന്റെ ചാനൽ

351 (1795) ഡോ. കെ. ടി. ജലീൽ :

ശ്രീ. കെ. വി. അബ്ദുൾ ഖാദർ :

ശ്രീമതി പി. അയിഷാ പോറ്റി :

ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുടുംബശ്രീ മിഷന്റെ ഒരു മാധ്യമ ചാനൽ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട ഏജൻസിയെ തെരഞ്ഞെടുക്കുന്നതിനായി മിഷൻ ഏതെല്ലാം രീതിയിലാണ് താല്പര്യപ്രകടനത്തിനുള്ള അറിയിപ്പിന്റെ പരസ്യം നൽകിയത് എന്നറിയിക്കാമോ; ഏജൻസിക്ക് എന്തെല്ലാം യോഗ്യതകൾ നിഷ്കർഷിച്ചിട്ടുണ്ട്;

(സി) ഏജൻസിയെ തെരഞ്ഞെടുക്കുന്നതിന് നിഷ്കർഷിച്ചിരുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയായിരുന്നു;

(ഡി) മിഷന്റെ പരസ്യത്തെ തുടർന്ന് എത്ര ഏജൻസികൾ ആണ് താല്പര്യ പത്രം നൽകിയിരുന്നതെന്ന് അറിയിക്കാമോ ; തെരഞ്ഞെടുക്കപ്പെട്ട സ്വകാര്യ ഏജൻസിക്കുള്ള യോഗ്യതകൾ എന്തെല്ലാമാണ്;

(ഇ) ചാനലിന്റെ പ്രവർത്തനം എന്ന് ആരംഭിക്കാനുദ്ദേശിക്കുന്നു; ഇതിനകം ചെലവായ തുകയെത്ര ; ചാനലിനായി ഏതെല്ലാം നിലയിൽ പണം സ്വരൂപിക്കാനുദ്ദേശിക്കുന്നു?

ഉത്തരം

(എ) ഇല്ല.

(ബി-ഇ) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly